തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആസ്തിരജിസ്റ്റർ കാലികമാക്കുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനും ഇതിന്റെ രീതിശാസ്ത്രം നിശ്ചയിക്കുന്നതിനുമായി രൂപീകരിച്ച കമ്മിറ്റി 20.10.2022, 3 PM ന് ബഹുമാനപ്പെട്ട പ്രിൻസിപ്പൽ ഡയറക്ടറുടെ ചേംബറിൽ കൂടിയ യോഗം.

<u>യോഗത്തിൽ പങ്കെടുത്തവർ</u>

1. ശ്രീ. എം.ജി. രാജമാണിക്യം, IAS പ്രിൻസിപ്പൽ ഡയറക്ടർ
2. ശ്രീ. എച്ച്. ദിനേശൻ, IAS, ഡയറക്ടർ റൂറൽ
3. ശ്രീ. അരുൺ കെ വിജയൻ, IAS, ഡയറക്ടർ അർബൻ
4. ശ്രീ. ജോൺസൺ കെ, ചീഫ് എഞ്ചിനീയർ, LID & EW
5. ശ്രീ. സന്ദീപ് കെ ജി, ചീഫ് എഞ്ചിനീയർ, KSRRDA
6. ശ്രീ. പ്രദീപ് കുമാർ. ബി, ജോയിന്റ് സെക്രട്ടറി (ധനകാര്യം)
7. ശ്രീ. എസ്.ആർ. സനൽകുമാർ, കൺവീനർ SRG
8. ശ്രീ. പി.കെ രവീന്ദ്രൻ, SRG

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മെയിന്റനൻസ് ഫണ്ട് അനുവദിക്കുന്ന നിലവിലെ സംവിധാനം അശാസ്ത്രീയമാണെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തിരജിസ്റ്ററിൽ ധാരാളം അപാകതകൾ ഉണ്ടെന്നും ആമുഖമായി ചീഫ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി അഭിപ്രായപ്പെട്ടു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തിയിലുൾപ്പെടുന്ന റോഡുകളുടെ നീളം അനുസരിച്ച് മാത്രമേ MG(R) ഫണ്ട് അനുവദിക്കാവൂ എന്നും ചീഫ് എഞ്ചിനീയർ അഭിപ്രായപ്പെട്ടു.

നിലവിൽ R track app ലൂടെ റോഡുകളുടെ വിവരശേഖരണം നടത്തുന്നതായും 4 ജില്ലകളിൽ കൂടി ആയത് ആരംഭിക്കേണ്ടതാണ് എന്നും യോഗത്തിൽ വിലയിരുത്തി. ടി പ്രവർത്തനങ്ങൾക്കായി ഏകദേശം എത്ര സമയം ആവശ്യമായി വരും എന്ന് പ്രിൻസിപ്പൽ ഡയറക്ടർ ആരാഞ്ഞു. ഡാറ്റാ കളക്ഷന് 1 മാസം സമയവും അതിന്റെ വെരിഫിക്കേഷന് ഏകദേശം 3 മാസവും ആവശ്യമായി വരും. ചീഫ് എഞ്ചിനീയർ, KSRRDA അഭിപ്രായപ്പെട്ടു. പഞ്ചായത്തുകളിൽ ഒരു വാർഡിന് 3000 രൂപ പ്രവർത്തനങ്ങൾക്കായി അനുവദിച്ചതുപോലെ കോർപ്പറേഷനിലും മുനിസിപ്പാലിറ്റിയിലും തുക അനുവദിക്കുന്നതാണെന്നും യോഗം വിലയിരുത്തി. ആയത് ചീഫ് എഞ്ചിനീയറുടെ തീരുമാനത്തിന് വിധേയമാക്കേണ്ടതാണെന്നും അഭിപ്രായപ്പെട്ടു. പല പഞ്ചായത്തുകളിലും R track മായി ബന്ധപ്പെട്ട് KSREC യുമായി എഗ്രിമെന്റ് വച്ചെങ്കിലും പഞ്ചായത്തുകളിൽ ടി ആവശ്യത്തിലേയ്ക്ക് വാർഡ് ഒന്നിന് 3000/- രൂപ എന്ന കണക്കിൽ പ്രോജക്ടുകൾ തയ്യാറാക്കിയിരുന്നില്ല എന്നും ആയത് കാലതാമസത്തിന് ഇടയാക്കിയതായും യോഗത്തിൽ വിലയിരുത്തി. ഇത് സംബന്ധിച്ച് പഞ്ചായത്ത് സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർ ആവശ്യപ്പെട്ടു.

യോഗതീരുമാനങ്ങൾ

1.നവംബർ 30 ന് മുൻപ് എല്ലാ ജില്ലകളിലും R track ഡാറ്റാ കളക്ഷൻ & പ്രോസസ്സിംഗ് പൂർത്തികരിക്കണം. നവംബർ 30 ന് R track ലുള്ള റോഡ് ഡീറ്റൈൽസ് അനുസരിച്ചായിരിക്കും അടുത്ത സാമ്പത്തികവർഷത്തെ MG (R) ഫണ്ട് ലഭിക്കുന്നത്.

2. കാസർകോഡ്, വയനാട്, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ KSREC യുമായുള്ള എഗ്രിമെന്റും എഞ്ചിനീയർമാർക്കുള്ള ട്രെയിനിംഗും തദ്ദേശ സ്ഥാപനത്തിലുള്ള ആളുകളെ കണ്ടെത്തി അവർക്ക് ട്രെയിനിംഗ് നൽകുന്നതും ഒക്ടോബർ 30 ന് മുൻപ് പൂർത്തീകരിക്കണം. നവംബർ 1 ന് field ൽ പ്രവൃത്തി തുടങ്ങേണ്ടതും ഇത് ഉറപ്പുവരുത്തിക്കൊണ്ടുള്ള റിപ്പോർട്ട് ചീഫ് എഞ്ചിനീയർ, KSRRDA നൽകേണ്ടതുമാണ്.

3. ടി വിഷയങ്ങൾ സംബന്ധിച്ച സർക്കുലർ ഡയറക്ടർ റൂറലും, ഡയറക്ടർ അർബനും പുറപ്പെടുവിക്കേണ്ടതാണ്.

4. കാസർഗോഡ്, വയനാട്, മലപ്പുറം, കോഴിക്കോട്, ഇടുക്കി എന്നീ ജില്ലകളിൽ തദ്ദേശ സ്ഥാപനങ്ങളുടെ സെക്രട്ടറിമാരുടെയും എഞ്ചിനീയർമാരുടെയും യോഗം 25.10.2022 ന് നടത്തേണ്ടതാണ്.

5. പഞ്ചായത്തുകളിൽ ഒരു വാർഡിന് 3,000/- രൂപ അനുവദിച്ചതുപോലെ കോർപ്പറേഷനിലും മുനിസിപ്പാലിറ്റിയിലും ഒരു വാർഡിന് 5,000/- രൂപ എന്ന കണക്കിൽ നൽകുന്നതിന് തുടർനടപടികൾ അർബൻ ഡയറക്ടർ കൈക്കൊള്ളേണ്ടതാണ്.

യോഗം 4.30 PM ന് അവസാനിച്ചു.

കൺവീനർ

JOHNSON. K.
PEN 538757
CHIEF ENGINEER
OFFICE OF THE CHIEF ENGINEER
LSGD (LID&EW)
THIRUVANANTHAPURAM.

ചെയർമാൻ

PRINCIPAL DIRECTOR
Local Self Government Department